(ഡി) അതിന്റെ മൊത്തം തുക എന്ത് ;

(ഇ) കന്നത്തുനാട്ടുതാലൂക്കിൽനിന്നും 1954-55-ൽ എത്ര വായ്പാ അപേക്ഷകൾ ഉണ്ടായിരുന്നു ;

(എഫ്) ഈ താലൂക്കിലെ അപേക്ഷകർക്ക് 54-55-ൽ എത്ര വായ്പ കൊടുത്തിട്ടുണ്ട് ;

(ജി) അതിന്റെ മൊത്തം തുക എന്ത് ?

ഉത്തരം.

(എ) 162.
(ബി) മൊത്തം 8,57,600 ക.
(സി) ആകെ 132.
(ഡി) 3,85,750 ക.
(ഇ) 5.
(എഫ്) ആർക്കും കൊടുത്തിട്ടില്ല.
(ജി) മുൻപു പറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

Anglo-Indians who have passed the B. L. Degree Examination.

79. [4] SHRI A. A. D. LUIZ. : Will the Chief Minister be pleased to state : the exact number of Anglo-Indians that have passed out the B. L. Degree Examination of the University of Travancore during the years 1951–52, 1952-53, 1953–54 and 1954–1955.

Answer.

The number of Anglo-Indian students who have passed the B. L. Degree Examination during these four years is given below :

Year	*No. of Candidates.*
1951–52	One
1952–53	One
1953–54	Nil
1954–55	Nil

എച്ച്. ആൻഡ് സി. എൻജിനീയറിംഗ് വർക്ഷാപ്പിലെ തൊഴിലാളികളുടെ പരാതി

80. [6] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953-ലെ തൊഴിൽത്തർക്കഭേദഗതി നിയമപ്രകാരം ലഭിക്കാനുള്ള ലേ ആഫ് നഷ്ടപരിഹാരം ഇടാക്കിത്തരണമെന്ന് ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടുകൊണ്ട് കൊല്ലം എച്ച്. ആൻഡ് സി. യിലെ ഇഞ്ചിനീയറിംഗ് വർക്ഷാപ്പിലെ തൊഴിലാളികളിൽ നിന്നും ഗവണ്മെൻറിനു പരാതി കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കാലമായി ;

(ബി) അതിന്മേൽ എന്തു നടപടി നടത്തി ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം.

(എ) 1953-ലെ തൊഴിൽത്തർക്കഭേദഗതി നിയമപ്രകാരം 14 തൊഴിലാളികൾക്ക് ലേ ഓഫ് നഷ്ടപരിഹാരം ലഭിക്കാനുണ്ടെന്നുമാത്രമല്ല അതു് ഈടാക്കിത്തരണമെന്നാവശ്യപ്പെട്ടുകൊണ്ട് കൊല്ലം എച്ച്. ആൻഡ് സി-യിലെ ഇൻജിനീയറിംഗ് വർക്ഷാപ്പിലെ തൊഴിലാളികളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. പരാതി ലഭിച്ചിട്ട് അഞ്ചു മാസക്കാലമായി.

(ബി) 1953-ലെ തൊഴിൽത്തർക്ക ഭേദഗതി നിയമപ്രകാരം തൊഴിലാളികൾക്ക് കിട്ടേണ്ട നഷ്ടപരിഹാരം കൊടുപ്പിക്കുവാനുള്ള ഒത്തുതീർപ്പ് പരിശ്രമത്തിൽ പരാജയപ്പെട്ടതുകൊണ്ട് അനന്തരനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

കോട്ടാങ്ങൽ പ്രൈമറിസ്കൂൾ.

81. [10] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടാങ്ങൽ പ്രൈമറിസ്കൂൾ ഒരു മിഡിൽസ്കൂളായി ഉയർത്തുന്നതിനു് പൊതുജനങ്ങൾ അപേക്ഷ അയച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു് ;

(സി) അതിനു് എന്തു നടപടി എടുത്തു ;

(ഡി) പ്രസ്തുത സ്കൂൾ ഒരു മിഡിൽസ്കൂളാക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം.

(എ) നിശ്ചിതഫാറത്തിൽ അപേക്ഷ കിട്ടിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ടി

(ഡി) ടി

പേകമ്മീഷൻ റിപ്പോർട്ട്.

82. [13] ശ്രീ. പി. കേശവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേകമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ അപഗ്രഥിച്ചുള്ളതാണെന്നു കാണിച്ചു് ഏതെല്ലാം വിഭാഗം ഉദ്യോഗസ്ഥന്മാരിൽനിന്നും ഇപ്പോൾ ഗവണ്മെൻറിനു് ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly